LIBRARY ARCHIVES Kerala Legislative Assembly

നിലവിലുണ്ടായിരുന്നതിന്റെയും വർദ്ധിപ്പിച്ച നിരക്കുകളുടെയും വിശദാംശം ഉൾക്കൊള്ളിക്കുന്ന 25-9-2008-ലെ സ.ഉ.(എംഎസ്.) 44/08/ജവിവ നമ്പർ ഉത്തരവ്, 27-2-2009-ലെ

സ.ഉ.(എംഎസ്.) 8/09/ജവിവ. നമ്പർ ഉത്തരവ്, 25-9-2014-ലെ

സ.ഉ.(എംഎസ്.) 88/14/ജവിവ. നമ്പർ ഉത്തരവ്, 30-9-2014-ലെ

സ.ഉ.(എംഎസ്.) 92/14/ജവിവ. എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഡ്രെയിനേജ് കണക്ഷന് കണക്ഷൻ ഫീസില്ലാതെ 09/2014 വരെ ചാർജ് ഈടാക്കാറില്ലായിരുന്നു. പുതിയ ഉത്തരവനുസരിച്ച് ഉപഭോക്താക്കളിൽ നിന്ന് കുടിവെള്ള ചാർജിന്റെ 10 ശതമാനം ഡ്രെയിനേജ് ചാർജ് ഈടാക്കുന്നു.

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾക്ക് അനുമതി

176 (2731) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾക്കാണ് 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇനിയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി)

2012-13 വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേര്	നിലവിലുള്ള സ്ഥിതി
1. ഫ്ലഡ് ഡാമേജ്-മൂപ്പൈനാട് പഞ്ചായത്തിലെ വെള്ളരിവയൽ തോടിന്റെ സൈഡ് സംരക്ഷണം	പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.
2. മൂപ്പൈനാട് പഞ്ചായത്തിലെ അപ്പാളംതോടിന്റെ സൈഡ് സംരക്ഷണം	പ്രവൃത്തി പൂർത്തിയായിട്ടുണ്ട്
2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ചത്	
1. കോട്ടത്തറ പഞ്ചായത്തിൽ വെണ്ണിയോട് വലിയ പുഴയുടെ ഇടയുകര സംരക്ഷണം	പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.
2. 13-ാം ധനകാര്യ കമ്മീഷൻ-കോട്ടത്തറ പഞ്ചായത്തിലെ മേലെ ചുണ്ടരിങ്കോട് കുളത്തിന്റെയും കനാലിന്റെയും നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ
3. 13-ാം ധനകാര്യ കമ്മീഷൻ-കോട്ടത്തറ പഞ്ചായത്തിലെ കാരിക്കൊല്ലി കുളത്തിന്റെയും കനാലിന്റെയും നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ
4. ഒരു കുളം പദ്ധതി-പടിഞ്ഞാറത്തറ പഞ്ചായത്തിലെ ഓണിപ്പൊയിൽ ഉണ്ടോട്കുളം നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

5. വേങ്ങപ്പള്ളി പഞ്ചായത്തിലെ മാടകന്ന് കുളത്തിന്റെ നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ
6. വൈത്തിരി പഞ്ചായത്തിലെ തളിപ്പുഴ കുളത്തിന്റെ നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ
7. പടിഞ്ഞാറത്തറ പഞ്ചായത്തിൽ കരമാൻതോടിനു കുറുകെ മുള്ളൻ കണ്ടി ചെക്ക് ഡാമിന്റെ നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ

2014-15 വർഷത്തിൽ ഭരണാനുമതി ലഭിച്ചത്

1.നബാർഡ്-18-കോട്ടത്തറ പഞ്ചായത്തിലെ കക്കോണിക്കടവ്-പുഴക്കലിടം എൽ.ഐ. സ്കീമിന്റെ നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ
2.നബാർഡ്-18-കോട്ടത്തറ പഞ്ചായത്തിലെ വങ്ങിയാമ്പറ്റ എൽ.ഐ. സ്കീമിന്റെ നിർമ്മാണം	പ്രവൃത്തി പുരോഗതിയിൽ

(സി) 4702-00-101-93 (പി) (ക്ലാസ്-1)

നബാർഡ് ആർ.ഐ.ഡി.എഫ്. 19-ൽ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (പുതിയ പ്രോജക്ട്)

1. കോട്ടത്തറ പഞ്ചായത്തിലെ മരവയലിൽ ചെറുപുഴയ്ക്ക് കുറുകെ ചെക്ക് ഡാമിന്റെ നിർമ്മാണം - 135 ലക്ഷം രൂപ
2. വേങ്ങപ്പള്ളി പഞ്ചായത്തിലെ മണിയങ്കോട് പുഴയ്ക്ക് കുറുകെ കരിക്കിലോടിൽ ചെക്ക് ഡാം നിർമ്മാണം - 69 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly